# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.696 — 29/01/2019 ൽ മറുപടിക്ക്

**ശബരിമല തന്ത്രിയോട് വിശദീകരണം ആരാഞ്ഞ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.എ.പി. അനിൽ കുമാർ | കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ക്ഷേത്രാചാരങ്ങളിൽ അറിഞ്ഞോ അറിയാതെയോ ആചാരലംഘനം സംഭവിച്ചാൽ പരിഹാരക്രിയ നിശ്ചയിക്കേണ്ടതും നിർവ്വഹിക്കേണ്ടതും ക്ഷേത്ര തന്ത്രിയുടെ ചുമതലകളിൽപെട്ടതാണോ എന്ന് വ്യക്തമാക്കുമോ; | (എ) | അശുദ്ധി സംഭവിച്ചാൽ ദേവസ്വം അധികാരികൾ ആവശ്യമെങ്കിൽ തന്ത്രിയുമായി കൂടിയാലോചിച്ച് പരിഹാരക്രിയ നിശ്ചയിക്കേണ്ടതും നിർവ്വഹിക്കേണ്ടതുമാണ് എന്നാണ് ദേവസ്വം മാന്വലിൽ വ്യക്തമാക്കിയിട്ടുള്ളത്. |
| (ബി) | മതാചാര പ്രകാരമുള്ള അനുഷ്ഠാനം സംബന്ധിച്ച ഷിരൂർ മഠം കേസിലെ വിധി അവയെ മൗലീകാവകാശമായി സ്ഥിരപ്പെടുത്തിയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | മതപരമായ വിശ്വാസങ്ങൾ, പുരാതന ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ എന്നിവ ലംഘിക്കപ്പെട്ടാൽ നടയടച്ച് പരിഹാര ക്രിയ ചെയ്യുകയെന്നത് തന്ത്രിയുടെ അധികാര പരിധിയിൽ വരുന്ന കാര്യമാണോയെന്ന് വ്യക്തമാക്കുമോ; | (സി) | ദേവസ്വം മാന്വലിൽ വ്യക്തമാക്കിയിട്ടുള്ള തന്ത്രിയുടെ ചുമതലകളിൽ, ആചാരാനുഷ്ഠാനങ്ങൾ ലംഘിക്കപ്പെട്ടാൽ നടയടച്ച് പരിഹാര ക്രിയ ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ അപ്രകാരം അശുദ്ധി നടന്നതായി സംശയം ഉണ്ടെങ്കിൽ ബന്ധപ്പെട്ട ദേവസ്വം അധികാരികൾ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറെ അറിയിക്കുകയും ആവശ്യമെങ്കിൽ തന്ത്രിയുമായി കൂടിയാലോചിച്ച് പരിഹാര ക്രിയ നടത്തേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ ശബരിമലയിൽ ആചാരലംഘനം ഉണ്ടായ സാഹചര്യത്തിൽ തന്ത്രി തന്നിൽ നിക്ഷിപ്തമായ കടമ നിർവ്വഹിച്ചതിന്റെ പേരിൽ തന്ത്രിയിൽ നിന്നും ദേവസ്വം ബോർഡ് വിശദീകരണം ആരാഞ്ഞത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ? | (ഡി) | ദേവസ്വം അധികാരികളുടെ അനുമതി കൂടാതെയും സുപ്രീംകോടതി വിധി നിലനിൽക്കുന്ന പശ്ചാത്തലത്തിലും നട അടച്ചതിനാണ് തന്ത്രിയിൽ നിന്നും ദേവസ്വം ബോർഡ് വിശദീകരണം ആരാഞ്ഞിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ